ഭരണഭാഷ-മാതൃഭാഷ

**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: ഷിബു. എ.റ്റി)

തിരുവനന്തപുരം

നമ്പർ. PTGD/25037/2021-ഇ 8 തീയതി. 31/10/2022

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥലംമാറ്റവും, പൂർണ്ണ അധിക ചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.10.2022 ലെ PTGD/25037/2021-ഇ 8 നമ്പർ ഉത്തരവ്.

2. സ്റ്റോർസ് പർച്ചേസ്(സി) വകുപ്പിന്റെ 27.10.2022 ലെ സ. ഉ (സാധാ) നം. 69/2022/എസ്.പി.ഡി നമ്പർ ഉത്തരവ്.

**ഉത്തരവ്**

അച്ചടി വകുപ്പിലെ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. കെ.എൽ. അശോക് കുമാർ 04.04.2022 മുതൽ LPR ൽ പ്രവേശിച്ചതിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ബി ഹരികുമാറിന് നിയമനം നൽകികൊണ്ടും എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല എറണാകുളം ജില്ലാ ഫോംസ് സ്റ്റോറിലെ ജില്ലാ ഫോംസ് ഓഫീസർ ശ്രീ. വി. ആർ. പ്രശാന്ത് കുമാറിന് നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ബി ഹരികുമാറിനെ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിയമിച്ചു കൊണ്ടും എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല എറണാകുളം ജില്ലാ ഫോംസ് സ്റ്റോറിലെ ജില്ലാ ഫോംസ് ഓഫീസർ ശ്രീ. വി. ആർ. പ്രശാന്ത് കുമാറിന് നൽകി കൊണ്ടും ഉത്തരവാകുന്നു.

എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല ശ്രീ. ബി ഹരികുമാറിൽ നിന്നും ശ്രീ. വി. ആർ. പ്രശാന്ത് കുമാർ ഉടൻ പ്രാബല്യത്തിൽ ഏറ്റെടുക്കേണ്ടതാണ്.

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് ശ്രീമതി. എസ്. ആർ. ശ്രീകലയിൽ നിന്നും ശ്രീ. ബി. ഹരികുമാർ ഏറ്റെടുക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, സ്റ്റോർസ് പർച്ചേസ്(സി) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.,
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, എറണാകുളം.
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
കൺട്രോളർ ഓഫ് ഫോംസ്/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/സീനിയർ സൂപ്രണ്ട്/
ജൂനിയർ സൂപ്രണ്ട് ഇ II/ജി I/ജി II/എ I/ എ 5 സീറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്